**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 461** **02-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർവീസിൽ നിന്നും വിരമിച്ച ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥയ്ക്ക് കിഫ്ബിയിൽ പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തസ്തികയിലാണ് നിയമനം നൽകിയതെന്നും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥയ്ക്ക് ഒരു മാസം ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി എത്ര തുക അനുവദിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ധനവകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥയെ കിഫ്ബിയിൽ കരാറടിസ്ഥാനത്തിൽ സീനിയർ ജനറൽ മാനേജറായി നിയമിച്ചിട്ടുണ്ട്. കിഫ്ബിയിൽ ജനറൽ മാനേജർ തസ്തികയിൽ കഴിഞ്ഞ 5 വർഷത്തെ പ്രവൃത്തി പരിചയവും, മികവും കണക്കിലെടുത്താണ് പ്രസ്തുത ഉദ്യോഗസ്ഥക്ക് കരാർ നിയമന വ്യവസ്ഥയിൽ നിയമനം നൽകിയത്. റൂൾ 100 പാർട്ട് 3 കെ.എസ്.ആർ പ്രകാരമുള്ള ശമ്പളമാണ് നൽകി വരുന്നത്. നിലവിൽ പ്രതിമാസം 1,06,328/- രൂപയാണ് ശമ്പളം. |
| (ബി) | മേൽപ്പറഞ്ഞ രീതിയിൽ എത്രപേർക്ക് കിഫ്ബിയിൽ പുനർനിയമനം നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് നിയമിച്ചതെന്നും ഓരോ തസ്തികയുടെയും ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങളും വ്യക്തമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പിൽ നിന്നും ജോയിന്റ് ഡയറക്ടറായി വിരമിച്ച ഉദ്യോഗസ്ഥനെ ചീഫ് ആഡിറ്ററായി കിഫ്ബിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ആഡിറ്റിംഗിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ മികവും കിഫ്ബിയിലെ കഴിഞ്ഞ രണ്ടു വർഷത്തെ ചീഫ് ആഡിറ്റർ തസ്തികയിലെ പ്രവൃത്തി പരിചയവും, കണക്കിലെടുത്താണ് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയത്. ഇദ്ദേഹത്തിനും റൂൾ 100 പാർട്ട് 3 കെ.എസ്.ആർ ശമ്പളമാണ് നൽകി വരുന്നത്. നിലവിൽ പ്രതിമാസം 90,657/- രൂപ നൽകുന്നുണ്ട്. |
| (സി) | കിഫ്ബിയിൽ നിയമനങ്ങൾ നടത്തുന്നതിന്റെ ചുമതല ആർക്കാണെന്നും നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ; കിഫ്ബിയിൽ ധനകാര്യവകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ? | (സി) | കിഫ് ആക്ട് പ്രകാരം സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി കിഫ്ബിയിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്താനുള്ള ചുമതല കിഫ് ബോർഡിൽ നിക്ഷിപ്തമാണ്. നിയമന രീതി, ശമ്പളം, മറ്റാനുകൂല്യങ്ങൾ സേവന നിബന്ധനകൾ എന്നിവ നിശ്ചയിക്കുന്നത് സർക്കാരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമനുസരിച്ച് കാലാകാലങ്ങളായി സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിക്കുകയും അതിനനുസൃതമായി നിയമനം നടത്തുകയും ചെയ്തു വരുന്നു. ഇതിൽ പ്രധാനം കിഫ്ബിയുടെ സ്റ്റാഫ് പാറ്റേണും നിയമന രീതിയും |

| | | | |
|---|---|---|---|
| | | | വ്യക്തമാക്കി പുറപ്പെടുവിച്ചിട്ടുള്ള സ.ഉ (കൈ) നം.77/2017/ധന തീയതി 14.02.2017 ഉത്തരവു പ്രകാരമാണ്.<br><br>ജനറൽ മാനേജർ തസ്തികയിൽ ഒരു ഉദ്യോഗസ്ഥനും, പ്രോജക്ട് മാനേജർ തസ്തികയിൽ രണ്ട് ഉദ്യോഗസ്ഥരും, ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ ഒരു ഉദ്യോഗസ്ഥനും, പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ 9 ഉദ്യോഗസ്ഥരും ഉൾപ്പെടെ നിലവിൽ 13 ഉദ്യോഗസ്ഥർ ധനകാര്യ വകുപ്പിൽ നിന്നും കിഫ്ബിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ